"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ തളിപ്പറമ്പ് മണ്ഡലത്തിലെ ആന്തൂർ നഗരസഭയിൽ പറശ്ശിനിക്കടവ് ബസ് സ്റ്റാന്റ് കോംപ്ലക്സ് കം മൾട്ടിലെവൽ കാർ പാർക്കിംഗ് നിർമ്മാണം- കിഫ്ബി ധനസഹായത്തോടെ ഇംപാക്ട് കേരള നിർവഹണ ഏജൻസിയായി നിർവഹിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

G.O.(Ms) No.99/2025/LSGD തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-

1. ആന്തൂർ മുനിസിപ്പാലിറ്റി പാസാക്കിയ 08.07.2024 ലെ 1 -ാം നമ്പർ പ്രമേയം
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.12.2024 ലെ LSGD/PD/34933/2024-CSSA4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ കണ്ണൂർ തളിപ്പറമ്പ് മണ്ഡലത്തിലെ ആന്തൂർ നഗരസഭയിൽ പറശ്ശിനിക്കടവ് ബസ് സ്റ്റാന്റ് കോംപ്ലക്സ് കം മൾട്ടിലെവൽ കാർ പാർക്കിംഗ് നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും ധനസഹായം ലഭ്യമാക്കണമെന്നും പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് കിഫ്ബി പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായ ഇംപാക്ട് കേരളയെ ചുമതലപ്പെടുത്തണമെന്നും ആന്തൂർ മുനിസിപ്പാലിറ്റി സൂചന(1) ലെ പ്രമേയം പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു .

(2) 2015-ൽ രൂപീകരിച്ച 24.6 km2 വിസ്തൃതി മാത്രമുള്ള ആന്തൂർ നഗരസഭയുടെ വാർഷികവരുമാനം 2.51 കോടി മാത്രമാണെന്നും വികസന ഫണ്ട് ജനറൽ ഇനത്തിൽ 3.17 കോടി രൂപയും CFC ഗ്രാന്റിനത്തിൽ 1.18 കോടി രൂപയുമാണ് നഗരസഭയ്ക്ക് ലഭിക്കുന്നതെന്നും 27.70 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഇത്രയും വലിയ പദ്ധതി ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് നഗരസഭയുടെ ധനസ്ഥിതി പര്യാപ്തമല്ലെന്നും ആയതിനാൽ പറശ്ശിനിക്കടവിൽ ബസ് സ്റ്റാന്റ് കോംപ്ലക്സ് കം മൾട്ടിലെവൽ കാർ പാർക്കിംഗ് നിർമ്മാണ പദ്ധതിയ്ക്കായി ആന്തൂർ മുനിസിപ്പാലിറ്റിയ്ക്ക് കിഫ്ബിയിൽ നിന്നും ധനസഹായം ലഭ്യമാക്കേണ്ടതാണെന്നും സൂചന(2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ കണ്ണൂർ തളിപ്പറമ്പ് മണ്ഡലത്തിലെ ആന്തൂർ നഗരസഭയിൽ പറശ്ശിനിക്കടവ് ബസ് സ്റ്റാന്റ് കോംപ്ലക്സ് കം മൾട്ടിലെവൽ കാർ പാർക്കിംഗ് നിർമ്മാണം പദ്ധതി വാണിജ്യ ആവശ്യങ്ങൾക്ക് ആയതിനാൽ കിഫ്ബിയുടെ വാർഷിക കടമെടുപ്പിന് ആകുന്ന പലിശ (AVERAGE COST OF DOMESTIC

BORROWING) നിരക്കിൽ ലോൺ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ നിർവ്വഹിക്കുന്നതിനും ആയതിന് തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള കിഫ്ബി പദ്ധതികളുടെ നിർവഹണ ഏജൻസിയായ ഇംപാക്റ്റ് കേരളയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANUPAMA T V I A S
SPECIAL SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 17-06-2025 11:05:51
സെക്ഷൻ ഓഫീസർ

പകർപ്പ് :-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ (നഗരകാര്യം)
മാനേജിംഗ് ഡയറക്ടർ, ഇംപാക്റ്റ് കേരള
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി
സെക്രട്ടറി ആന്തൂർ നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (തീരുമാനം നം.................... തീയതി ...............)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ